**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹൈടെക് സ്കൂൾ പദ്ധതി - ഹായ് സ്കൂൾ കുട്ടിക്കൂട്ടം 'ലിറ്റിൽ കൈറ്റ്സ്' (Little KITEs) എന്ന പേരിലാക്കിക്കൊണ്ടും പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷനെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.361/2018/പൊ.വി.വ.** തിരുവനന്തപുരം,തീയതി, 20.01.18

പരാമർശം:- 1. 19.02.2017-ന് പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ യോഗതീരുമാനം.

2. വൈസ്-ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ് സമർപ്പിച്ച 17.01.2018 ലെ കൈറ്റ്/2018/1515-1 (1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റേയും ഹൈടെക് സ്കൂൾ പദ്ധതിയുടേയും ഭാഗമായി കുട്ടികളിൽ ഐ.സി.ടി. അധിഷ്ഠിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഹൈസ്കൂൾ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും 'ഹായ് സ്കൂൾ കുട്ടിക്കൂട്ടം' പദ്ധതി നടപ്പിലാക്കിയിരുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് മാതൃകയിൽ ഹായ് സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി ഘടനാപരമാക്കുന്നതിനും പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണെന്നും പരാമർശം (1) ലെ യോഗത്തിൽ തീരുമാനമായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവൽക്കരണം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് വിവരവിനിമയ സാങ്കേതികവിദ്യയിൽ കൂടുതൽ പരിശീലനം നൽകി വിദ്യാർഥികളെ സജ്ജമാക്കുന്നതിന് ഹായ് സ്കൂൾ കുട്ടിക്കൂട്ടം പദ്ധതി 'ലിറ്റിൽ കൈറ്റ്സ്' (Little KITEs) എന്ന പേരിൽ പുനർനാമകരണം ചെയ്തുകൊണ്ടും, ചുവടെ പറയുന്ന നിർദ്ദേശങ്ങളിന്മേൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷനെ (കൈറ്റ്) ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

**നിർദ്ദേശങ്ങൾ :**

1. സ്കൂളുകളിൽ, കൈറ്റിന്റെ അംഗീകാരം നേടിയശേഷം 2018-19 അധ്യയനവർഷം മുതൽ 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്.

2. അപേക്ഷ സമർപ്പിക്കുന്ന സ്കൂളുകൾക്ക് യൂണിറ്റ് അനുവദിക്കുന്നതിന് രജിസ്ട്രേഷൻ നൽകുന്നതിനാവശ്യമായ നടപടിക്രമങ്ങൾ കൈറ്റിന്റെ നേതൃത്വത്തിൽ പൂർത്തിയാക്കേണ്ടതാണ്.

3. സ്കൂൾതല ഐ.സി.ടി. പ്രവർത്തനങ്ങളിൽ പ്രത്യേക താൽപര്യവും സന്നദ്ധതയും പ്രവീണ്യവുമുള്ള രണ്ട് ഹൈസ്കൂൾ അധ്യാപകരെ യൂണിറ്റിന്റെ ചുമതലക്കാരായി തെരഞ്ഞെടുക്കേണ്ടതും (വിദ്യാർത്ഥിനികൾ ഉൾപ്പെടുന്ന യൂണിറ്റിന്റെ ചുമതലക്കാരിൽ ഒരാളെങ്കിലും അധ്യാപികയായിരിക്കണം) കൈറ്റ് നടത്തുന്ന പ്രത്യേക പരിശീലനം ഇവർ വിജയകരമായി പൂർത്തിയാക്കേണ്ടതുമാണ്.

4. കൈറ്റിന്റെ പരിശീലനം പൂർത്തിയാക്കിയ രണ്ട് അധ്യാപകരുള്ള സ്കൂളുകൾക്ക് മാത്രമെ 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റ് തുടങ്ങുന്നതിന് അനുവാദം നൽകേണ്ടതുള്ളു. ഈ അധ്യാപകർക്ക് പ്രസ്തുത യൂണിറ്റിന്റെ കൈറ്റ് മാസ്റ്റർ /മിസ്ട്രസ് ആയി ചുമതല നൽകേണ്ടതാണ്.

5. കൈറ്റ് നൽകുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ അധ്യയനവർഷവും ജനുവരി മാസത്തിൽ 8-ാം ക്ലാസിൽ നിന്നും 20 മുതൽ 40 വരെ വിദ്യാർത്ഥികളെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലേയ്ക്ക് തെരഞ്ഞെടുക്കേണ്ടതും അവരിൽ നിന്ന് ഒരാളെ യൂണിറ്റ് ലീഡറായി തെരഞ്ഞെടുക്കേണ്ടതുമാണ്.

6. ഐ.സി.ടി. യിൽ കാലോചിതമായ പ്രവീണ്യം ലഭ്യമാകുന്നവിധത്തിൽ പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി യൂണിറ്റിലെ അംഗങ്ങൾക്ക് കൈറ്റിന്റെ നേതൃത്വത്തിൽ പരിശീലനം ക്രമീകരിക്കേണ്ടതാണ്.

7. കൈറ്റ് മാസ്റ്റർ ട്രെയ്നർമാർ, അധ്യാപകർ എന്നിവരെ കൂടാതെ ഐ.സി.ടി. മേഖലയിൽ പ്രാവീണ്യമുള്ളവരെയും ലിറ്റിൽ കൈറ്റ്സിന്റെ പരിശീലകരായി കൈറ്റിന് പ്രയോജനപ്പെടുത്താവുന്നതാണ്.

8. സ്കൂൾതല യൂണിറ്റിന്റെ പ്രവർത്തനവും തുടർപ്രവർത്തനങ്ങളും അനുബന്ധ പരിപാടികളും നടത്തുന്നതിനാവശ്യമായ പ്രവർത്തന കലണ്ടർ കൈറ്റ് തയ്യാറാക്കി നൽകേണ്ടതും സ്കൂൾ പ്രവർത്തനത്തെ ബാധിക്കാതെയുള്ള സമയങ്ങളും അവധി ദിവസങ്ങളും പരിശീലനത്തിനായി വിനിയോഗിക്കേണ്ടതുമാണ്. ആഴ്ചയിൽ ഒരു മണിക്കൂർ എന്ന രീതിയിൽ ഒരു മാസത്തിൽ ആകെ 4 മണിക്കൂർ പരിശീലനം ക്രമീകരിക്കേണ്ടതാണ്.

9. പരിശീലനങ്ങളിലെ പങ്കാളിത്തം, അസൈൻമെന്റ് പൂർത്തീകരണം, മൂല്യനിർണയം എന്നിവയുടെ സ്കോറിന്റെ അടിസ്ഥാനത്തിൽ എ, ബി, സി എന്നീ ഗ്രേഡുകളിലുള്ള സർട്ടിഫിക്കറ്റുകൾ യൂണിറ്റ് അംഗങ്ങൾക്ക് നൽകേണ്ടതാണ്.

10. ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്ക് മാർഗനിർദേശം നൽകുന്നതിന് വിദ്യാഭ്യാസ ഓഫീസർമാരും കൈറ്റും സംയുക്തമായി വിവിധ തലങ്ങളിൽ മോണിറ്ററിങ് സമിതിയെ രൂപീകരിക്കേണ്ടതാണ്.

11. മികച്ച പ്രവർത്തനം നടത്തുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളെ സംസ്ഥാനതലത്തിൽ കണ്ടെത്തി പുരസ്കാരങ്ങൾ നൽകേണ്ടതാണ്.

12. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നടത്തിപ്പിനാവശ്യമായ സാമ്പത്തിക സഹായം കൈറ്റ് ഫണ്ടിൽ നിന്നും കണ്ടെത്തി വിനിയോഗിക്കേണ്ടതാണ്. പ്രൊപ്പോസൽ പ്രകാരമുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അതത് സമയങ്ങളിൽ കൈറ്റ് പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പി.എസ്.കൃഷ്ണകുമാർ**
**അഡീഷണൽ സെക്രട്ടറി**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർസെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം
സി.ഇ.ഒ., പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, തിരുവനന്തപുരം
വൈസ്-ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം
ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പിആർഡി, തിരുവനന്തപുരം (വെബ് സൈറ്റ് മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.